പത്രക്കുറിപ്പ്
13.11.2018

## ദേശീയ നഗര ഉപജീവന മിഷന്‍
## സ്കില്‍ ട്രെയിനിംഗ് ആന്‍ഡ് പ്ലേസ്മെന്‍റ്:
# ആധുനിക സൗകര്യങ്ങളോടെ
# മാതൃകാ നൈപുണ്യ പരിശീലന കേന്ദ്രം പ്രവര്‍ത്തനം ആരംഭിച്ചു

തിരുവനന്തപുരം: കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന ദൗത്യത്തിന്‍റെ ഘടകമായ സ്കില്‍ ട്രെയിനിംഗ് ആന്‍ഡ് പ്ളേസ്മെന്‍റിന്‍റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടെ മാതൃകാ പരിശീലന കേന്ദ്രം പ്രവര്‍ത്തനം ആരംഭിച്ചു. തിരുവനന്തപുരം മണ്ണന്തലയിലാണ് സെന്‍ററിന്‍റെ പ്രവര്‍ത്തനം. നഗരമേഖലയിലെ നിര്‍ദ്ധനരായ യുവതീയുവാക്കള്‍ക്ക് സൗജന്യ തൊഴില്‍ പരിശീലനത്തോടൊപ്പം തൊഴിലും ലഭ്യമാക്കുന്നതാണ് പദ്ധതി. ഇതിലെ ഗുണഭോക്താക്കള്‍ക്ക് മികച്ച രീതിയിലുള്ള അധ്യയനവും പരിശീലനവും ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ആധുനിക സജ്ജീകരണങ്ങളോടെ പുതിയ മാതൃകാ നൈപുണ്യ പരിശീലന കേന്ദ്രം ആരംഭിച്ചത്.

എന്‍.യു.എല്‍.എം സ്കില്‍ ട്രെയിനിംഗ് ആന്‍ഡ് പ്ലേസ്മെന്‍റിന്‍റെ ഭാഗമായി പദ്ധതി ഗുണഭോക്താക്കള്‍ക്ക് നൈപുണ്യ പരിശീലനം നല്‍കുന്നതിനായി കുടുംബശ്രീ തിരഞ്ഞെടുത്തിട്ടുള്ള മുഖ്യ പരിശീലക ഏജന്‍സികളില്‍ ഒന്നായ ജന്‍ ശിക്ഷന്‍ സംസ്ഥാനാണ് ആധുനിക രീതിയില്‍ മാതൃകാ നൈപുണ്യ പരിശീലന കേന്ദ്രം സജ്ജീകരിച്ചത്. നാലു നിലകളിലായി ആറ് ഹൈടെക് ക്ലാസ് റൂമുകളാണ് സെന്‍ററിന്‍റെ പ്രത്യേകത. ഇത്രയും ക്ളാസ് മുറികളിലായി ഒരേ സമയം മുന്നൂറോളം വിദ്യാര്‍ത്ഥികള്‍ക്ക് പഠിക്കാനാകും. എല്ലാ ക്ലാസ് മുറികളിലും ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങള്‍ ഒരുക്കിയിട്ടുണ്ട്. അദ്ധ്യാപകര്‍ പഠിപ്പിക്കുന്ന വിഷയങ്ങളുടെ വീഡിയോ അപ്പോള്‍ തന്നെ ചിത്രീകരിക്കുന്നതിനും വിദ്യാര്‍ത്ഥികള്‍ക്ക് ആവശ്യമെങ്കില്‍ വീണ്ടും ആ പാഠഭാഗങ്ങള്‍ വീഡിയോയിലൂടെ കണ്ടു പഠിക്കുന്നതിനും അവസരമുണ്ട്. ഏതെങ്കിലും കാരണത്താല്‍ ക്ലാസുകള്‍ നഷ്ടപ്പെടുന്ന വിദ്യാര്‍ത്ഥികള്‍ക്ക് ഈ ക്ലാസുകള്‍ വീണ്ടും അവരുടെ സ്മാര്‍ട്ട് ഫോണിലൂടെ കാണുന്നതിന് സ്കില്‍ സേ എന്ന പ്രത്യേക മൊബൈല്‍ ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ടെന്നതും പ്രത്യേകതയാണ്. ഇതിനായി ഓരോ വിദ്യാര്‍ത്ഥികള്‍ക്കും നല്‍കിയിട്ടുള്ള പ്രത്യേക യൂസര്‍ നെയിമും പാസ്വേര്‍ഡും ഉപയോഗിച്ച് പാഠ്യവിഷയങ്ങള്‍ ആവശ്യമുള്ള സമയത്തെല്ലാം വീണ്ടും പഠിക്കാനാകും. ഇതോടൊപ്പം വിദ്യാര്‍ത്ഥികള്‍ക്കായി ഏറ്റവും മികച്ച സാങ്കേതിക സഹായവും ലോകത്തെവിടെയുമുള്ള വിദഗ്ധരുമായി വീഡിയോ കോണ്‍ഫറന്‍സ് നടത്താനുള്ള സ്മാര്‍ട്ട് ക്ളാസ് മുറികളും ഒരുക്കിയിട്ടുണ്ട്. ഓട്ടോമൊബൈല്‍ കോഴ്സില്‍ പഠിക്കുന്ന വിദ്യാര്‍ത്ഥികള്‍ക്കായി മൂവായിരം ചതുരശ്ര അടി വിസ്തീര്‍ണമുള്ള ലാബും സജ്ജമാണ്.

210 കുട്ടികളാണ് ഇപ്പോള്‍ സെന്‍ററിലുള്ളത്. ആയുര്‍വേദ സ്പാ തെറാപ്പി, ഫീല്‍ഡ് എന്‍ജിനീയര്‍ ആര്‍.എ.സി.ഡബ്ളിയു, ബേസിക് ഓട്ടോമോട്ടീവ് സര്‍വീസിങ്ങ് ടൂ- ത്രീ വീലര്‍ എന്നീ കോഴ്സുകളിലാണ് പരിശീലനം നല്‍കുക. നാല് മാസമാണ് പരിശീലന കാലാവധി. പ്രമുഖ വ്യാവസായിക സ്ഥാപനങ്ങള്‍ പരിശീലനത്തിനായി സാങ്കേതിക സഹായം നല്‍കും. ഏറ്റവും മികച്ച രീതിയില്‍ പരിശീലനം പൂര്‍ത്തിയാക്കുന്ന വിദ്യാര്‍ത്ഥികള്‍ക്ക് അതതു രംഗത്തെ പ്രമുഖ സ്ഥാപനങ്ങളില്‍ പ്ലേസ്മെന്‍റ് നല്‍കും. ഇതിന് സ്ഥാപനങ്ങളുമായി ധാരണയായിട്ടുണ്ട്. പരിശീലനം പൂര്‍ത്തിയാക്കുന്ന എല്ലാ വിദ്യാര്‍ത്ഥികള്‍ക്കും പദ്ധതി വഴി തൊഴില്‍ ഉറപ്പാക്കും.

മോഡല്‍ ട്രെയിനിംഗ് സെന്‍ററിന്‍റെയും പദ്ധതി ഗുണഭോക്താക്കളായ വിദ്യാര്‍ത്ഥികള്‍ക്കായി പ്രത്യേകം തയ്യാറാക്കിയ മൊബൈല്‍ ആപ്ളിക്കേഷന്‍റെ ഉദ്ഘാടനവും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടര്‍ എസ്. ഹരികിഷോര്‍ നിര്‍വഹിച്ചു. മണ്ണന്തല വാര്‍ഡ് കൗണ്‍സിലര്‍ അനില്‍കുമാര്‍. എന്‍ അധ്യക്ഷത വഹിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസര്‍ ബിനു ഫ്രാന്‍സിസ് മുഖ്യപ്രഭാഷണം നടത്തി. എന്‍.യു.എല്‍.എം സ്റ്റേറ്റ് പ്രോഗ്രാം മാനേജര്‍ രാജേഷ് കുമാര്‍. വി പരിശീലന പരിപാടിയെ കുറിച്ച് വിശദീകരിച്ചു. മണ്ണന്തല സി.ഡി.എസ് മെമ്പര്‍ സെക്രട്ടറി ലേഖ കുമാരി, സിറ്റി മിഷന്‍ മാനേജര്‍മാരായ

ശ്രീജിത് എസ്.കെ, ഷിജു ജോൺസൺ, മണ്ണന്തല എ.ഡി.എസ് ചെയർപേഴ്സൺ വനജ. ആർ എന്നിവർ ആശംസാപ്രസംഗം നടത്തി. ജൻ ശിക്ഷൻ സംസ്ഥാൻ ഡയറക്ടർ വി. ഉമ്മർകോയ സ്വാഗതവും മോഡൽ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പൽ ഡോ. സുന്ദരേശൻ നായർ നന്ദിയും പറഞ്ഞു. തിരഞ്ഞെടുത്ത വിദ്യാർത്ഥികളുമായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, പ്രോഗ്രാം ഓഫീസർ ബിനു ഫ്രാൻസിസ് എന്നിവർ സംവദിച്ചു. കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ജയ്സൺ.ടി.ജെ, മേഘ്ന, സുധീർ.കെ.ബി എന്നിവർ പങ്കെടുത്തു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

ഫോട്ടോ–അടിക്കുറിപ്പ്–കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുന്നു.